(ബി) സംസ്ഥാനത്ത് വേണ്ട മരുന്ന് കേരളത്തിൽതന്നെ ഉൽപ്പാദിപ്പിക്കുവാൻ സ്വകാര്യ സംരംഭകർക്ക് ആരോഗ്യവകുപ്പ് സഹായം നൽകുമോ;

(സി) ഇപ്പോൾ എത്ര കോടി രൂപയുടെ മരുന്നാണ് സംസ്ഥാനത്തിന് പുറത്തുള്ള മരുന്ന് കമ്പനികൾ സർക്കാർ ആശുപത്രികൾക്ക് നൽകുന്നത്?

ഉത്തരം

(എ) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നിർദ്ദിഷ്ട യോഗ്യതയുള്ള മരുന്ന് ഉൽപ്പാദകർ, സർക്കാർ നിയന്ത്രണത്തിലുള്ള കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, എസ്.എസ്.ഐ. യൂണിറ്റുകൾ എന്നിവരിൽനിന്നും സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴി മരുന്നുകൾ വാങ്ങുന്നുണ്ട്.

(ബി) ഇങ്ങനെയൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(സി) 1998-99 വർഷത്തിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള മരുന്നു കമ്പനികൾ ആശുപത്രികൾക്കും, മെഡിക്കൽ കോളേജുകൾക്കും നൽകിയ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	1,94,48,917
കോഴിക്കോട്	-	2,02,07,852
തൃശ്ശൂർ	-	76,56,223
കോട്ടയം	-	41,79,207
ആരോഗ്യ വകുപ്പ്	-	18,00,00,000
ഡയറക്ടർ മുഖാന്തിരം	-	----------
ആകെ		23,14,92,199

==========

ആലപ്പുഴ മെഡിക്കൽ കോളേജിലെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

155 (2341) പാമ്പ് വിഷബാധയേറ്റ് മരണം

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 ജൂൺ മാസത്തിൽ പാമ്പുവിഷബാധയേറ്റ് പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ച ബൽക്കീസ് എന്ന കുട്ടി മരണമടഞ്ഞ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് കമ്മിറ്റിയെ നിയമിച്ചിരുന്നുവോ;

(ബി) എങ്കിൽ കമ്മിറ്റിയുടെ കണ്ടെത്തലുകൾ എന്തെല്ലാം എന്ന് വിശദമാക്കുമോ;

(സി) ഈ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കമ്മിറ്റിയെ നിയമിച്ചിരുന്നില്ല. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറെക്കൊണ്ട് അന്വേഷണം നടത്തിയിരുന്നു.

(ബി) പാലക്കാട് ജില്ല ആശുപത്രിയിലെ ഡോക്ടർമാരായ ഡോ.വൈ. നാദിർകോയയും ഡോ. രാമകൃഷ്ണനും ബൽക്കീസിനെ ചികിത്സിക്കുന്നതിൽ നിരുത്തരവാദിത്വവും അനാസ്ഥയും കാണിച്ചതായിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഇത് മറച്ചു വയ്ക്കാനായി ചികിത്സാ രേഖകളിൽ തിരുത്തലുകൾ വരുത്തിയതായും കണ്ടെത്തിയിട്ടുണ്ട്.

(സി) ഡോ. നാദിർകോയയ്ക്കും ഡോ. രാമകൃഷ്ണനുമെതിരെ ശിക്ഷണ നടപടി എടുത്തുവരുന്നു. ചാർജ്ജ് മെമ്മോ കൊടുത്ത് അവരുടെ മറുപടി വാങ്ങി. മറുപടി തൃപ്തികരമല്ലാത്തതിനാൽ ശിക്ഷണ നടപടിയുടെ ഭാഗമായുള്ള അന്വേഷണം നടത്തുന്നതിന് ആരോഗ്യവകുപ്പിലെ വിജിലൻസ് വിഭാഗം അഡി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

156 (2342) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ

ശ്രീ. എം.കെ. മുനീർ :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ബി.എസ്.സി. നഴ്സിംഗ് കോഴ്സ് നടത്തുന്നുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ;

(സി) ഇപ്പോൾ കോഴ്സിന്റെ ഏത് വർഷത്തെ കോഴ്സാണ് നടക്കുന്നത്;

(ഡി) ഈ കോഴ്സ് തുടങ്ങുന്നതിന് മുമ്പ്തന്നെ കേരള നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം നേടണമെന്നുണ്ടോ;

(ഇ) എങ്കിൽ കേരള നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോഴാണ് വാങ്ങിയത്;

(എഫ്) ഈ കോഴ്സിന്റെ പുതിയ ബാച്ചുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എച്ച്) ഈ കോഴ്സിന് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഐ) എങ്കിൽ അവരുടെ പ്രശ്നങ്ങൾ എന്തെല്ലാമാണ്;

(ജെ) അവ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സ്ഥാപനം മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനമല്ല. യൂണിവേഴ്സിറ്റിയിൽനിന്നും ലഭിച്ച വിവരം അനുസരിച്ച് ഉണ്ട്.

(ബി) 1995-96 അദ്ധ്യയന വർഷം മുതൽ.

(സി) ആറാമത്തെ സെമസ്റ്റർ.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly